റൻസ് വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളാണ്. പ്രവാസി കേരളീയ ക്ഷേമ ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് സമിതി കൺവീനർ.

(ഡി) ഇല്ല

(ഇ) സമിതി സമർപ്പിക്കുന്ന ശുപാർശ പരിശോധിച്ച് മാത്രമേ അന്തിമതീരുമാനമെടുക്കുവാൻ കഴിയൂ.

വിദേശത്തുള്ള തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയവരെ സംബന്ധിച്ച വിവരങ്ങൾ

9(1473)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിൽ തിരി ച്ചെത്തിയിട്ടുള്ളവരുടെ വിവരങ്ങൾ ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവരെ സംബന്ധിക്കുന്ന എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്;

(സി) ഈ വിവരങ്ങൾ ശേഖരിക്കുന്നത്എപ്രകാരമെന്ന് വിശദീകരി ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദേശത്ത് നിന്ന് തിരികെ പോരുവാനുണ്ടായ കാരണം, തിരി കെവന്നശേഷം ചെയ്യുന്ന ജോലി, വിദേശത്തു ജോലി ചെയ്തിരുന്ന സ്ഥാപന ത്തിൽ നിന്നും ലഭ്യമായ ആനുകൂല്യങ്ങൾ സമ്പാദ്യത്തിന്റെ വിനിയോഗം എന്നീ വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്.

(സി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 1998-99-ൽ സ്റ്റാറ്റിസ്റ്റിക്കൽ സാമ്പിളിംഗ് മാർഗ്ഗം ഉപയോഗിച്ച് തെരഞ്ഞെടുത്ത ഏകദേശം ഒരു ലക്ഷത്തി മുപ്പതിനായിരം വീടുകളിൽ നടത്തിയ സർവ്വേ വഴിയാണ് ഈ വിവരങ്ങൾ ശേഖരിച്ചത്.

കരാറടിസ്ഥാനത്തിലെ ജീവനക്കാർ

10(1474) ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിലെ വിവിധ വകുപ്പുകളിൽ കരാറടിസ്ഥാ നത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

(ബി) കരാർ നിയമനം അവസാനിപ്പിക്കാൻ ഗവൺമെന്റ് എന്തെ ങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly